## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1036 — 12.07.2016 ൽ മറുപടിയ്ക്ക്

## തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷി ഇറക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജൻ | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തരിശായി കിടക്കുന്ന സ്ഥലങ്ങളിലും കായലുകളിലും കൃഷി ഇറക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) റാണി കായലിൽ കൃഷി ഇറക്കാതെ എത്ര വർഷമായി സ്ഥലം തരിശായി കിടക്കുകയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കായലിൽ കൃഷി ഇറക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നു മുതൽ ആയത് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽപ്പെട്ട കൈനകരി പഞ്ചായത്തിലെ റാണി കായൽ കഴിഞ്ഞ 24 വർഷത്തോളമായി തരിശായി കിടക്കുകയാണ്. പുതിയ സർക്കാർ അധികാരമേറ്റ ശേഷം ഈ വർഷം 200 ഹെക്ടർ സ്ഥലത്ത് പുഞ്ച കൃഷി ഇറക്കുന്നതിനായുള്ള പമ്പിങ് ലേല നടപടികൾ പൂർത്തീകരിക്കുകയും 2016 സെപ്തംബർ മാസം കൃഷി ആരംഭിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണ്. |
| (സി) മെത്രാൻ കായലിൽ എത്ര ഹെക്ടർ സ്ഥലം തരിശായി കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇവിടെ എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ഇറക്കുമെന്നും ആയത്എന്ന് ആരംഭിക്കുമെന്നും വ്യക്തമാക്കാമോ? | (സി) മെത്രാൻ കായലിൽ ആകെ 404 ഏക്കർ പ്രദേശമാണ് തരിശായി കിടക്കുന്നത്.2008-2009 മുതൽ ഇവിടെ പുഞ്ച കൃഷി നടപ്പിലാക്കിയിട്ടില്ല.17.06.2016 ൽ മെത്രാൻ കായൽ കൃഷി പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കൂടിയ അവലോകന യോഗത്തിൽ അടിയന്തിരമായി 160 ഹെക്ടർ പുഞ്ച കൃഷി പുനരാരംഭിക്കുന്നതിനായി തീരുമാനിക്കുകയുണ്ടായി 2016 സെപ്തംബർ മാസം പുഞ്ച കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു |

വരുന്നു. ഇതിനായി ജില്ലാ കളക്ടറുടെ ചുമതലയിൽ, സ്ഥലം MLA, കാർഷികസർവ്വ കലാശാലാ വിദഗ്ദർ , ബന്ധപ്പെട്ട കൃഷി വകുപ്പ തലവൻമാർ എന്നിവരുൾപ്പെട്ട സമിതിയെ നിയോഗിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**